**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 55** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ ആഘാതത്തിൽ നിന്നും സംസ്ഥാന സമ്പദ് വ്യവസ്ഥയെ മികച്ച ഇടപെടലിലൂടെ കരകയറ്റിയ അവസരത്തിൽ കേന്ദ്ര സർക്കാരിന്റെ നീതിരഹിതമായ നടപടികൾ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നുവെന്നത് വസ്തുതയാണോ; | (എ) | സമ്പദ്ഘടനയിലെ വിവിധ മേഖലകളിൽ കോവിഡ് ഏൽപ്പിച്ച ആഘാതം വിലയിരുത്തി സർക്കാർ 26361.726 കോടി രൂപയുടെ ഒന്നാം ഉത്തേജക പാക്കേജും 20000 കോടി രൂപയുടെ രണ്ടാം ഉത്തേജക പാക്കേജും പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പാക്കേജുകളുടെ ഫലമായി സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ കേന്ദ്രപദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന |

സഞ്ചിതനിധിയിൽ ലഭ്യമായത് 5455.10 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3991.2 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനു പുറമേ, 2023-24 ന് ശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. നടപ്പ് സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2023-24 സാമ്പത്തിക വർഷം റവന്യൂ കമ്മി ഗ്രാന്റിൽ മാത്രം 8425 കോടി രൂപയുടെ കുറവുണ്ടാകും. ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12000 കോടി രൂപയുടെ വരുമാനകുറവുമുണ്ടാകും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ചു കൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്. ഇതിനു പുറമേ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രം കൊണ്ടുവന്നിട്ടുള്ള നിയന്ത്രണങ്ങൾ സംസ്ഥാന സമ്പത്ത് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് 2021-22 സാമ്പത്തികവർഷം Off Budget Borrowing ആയി എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

തുടരെ തുടരെയുള്ള പ്രളയങ്ങളും മഹാമാരിയായ കോവിഡും ഏല്പിച്ച ആഘാതങ്ങളിൽ നിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ചെലവുകളും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കേന്ദ്ര നിലപാട്ടമൂലം നടപ്പ സാമ്പത്തിക വർഷം പ്രതീക്ഷിത വരുമാനത്തിൽ ഉണ്ടായ കുറവ് എത്രയാണ്; കേന്ദ്ര സർക്കാർ നിലപാട് തുടർന്നാൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരുമാനക്കുറവ് എത്രയാണെന്നാണ് കണക്കാക്കുന്നത്; | (ബി) | സമ്പദ്ഘടനയിലെ വിവിധ മേഖലകളിൽ കോവിഡ് ഏൽപ്പിച്ച ആഘാതം വിലയിരുത്തി സർക്കാർ 26361.726 കോടി രൂപയുടെ ഒന്നാം ഉത്തേജക പാക്കേജും 20000 കോടി രൂപയുടെ രണ്ടാം ഉത്തേജക പാക്കേജും പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പാക്കേജുകളുടെ ഫലമായി സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു ലഭിക്കേണ്ട വിഹിതത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ വിവിധ കേന്ദ്രപദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിതനിധിയിൽ ലഭ്യമായത് 5455.10 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3991.2 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനു പുറമേ, 2023-24 ന് ശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. നടപ്പ് സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2023-24 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷം റവന്യൂ കമ്മി ഗ്രാന്റിൽ മാത്രം 8425 കോടി രൂപയുടെ കുറവുണ്ടാകും. ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയതിലൂടെ പ്രതിവർഷം ശരാശരി 12000 കോടി രൂപയുടെ വരുമാനകുറവുമുണ്ടാകും. കേന്ദ്ര ആസൂത്രണ കമ്മീഷൻ നിലവിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ചു കൊണ്ടിരുന്ന ഒറ്റത്തവണ കേന്ദ്രസഹായം, അധിക കേന്ദ്ര സഹായം, സാധാരണ കേന്ദ്ര സഹായം എന്നിവ കേന്ദ്രസർക്കാർ ഇതിനകം തന്നെ നിർത്തലാക്കിയിട്ടുമുണ്ട്. ഇതിനു പുറമേ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രം കൊണ്ടുവന്നിട്ടുള്ള നിയന്ത്രണങ്ങൾ സംസ്ഥാന സമ്പത്ത് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് 2021-22 സാമ്പത്തികവർഷം Off Budget Borrowing ആയി എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.<br><br>തുടരെ തുടരെയുള്ള പ്രളയങ്ങളും മഹാമാരിയായ കോവിഡും ഏല്പിച്ച ആഘാതങ്ങളിൽ നിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള ചെലവുകളും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (സി) | വിഭവ പരിമിതി സൃഷ്ടിക്കുന്നതോടൊപ്പം ക്ഷേമ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ കൂടി ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന്റെ നടപടികൾ വികസന പ്രവർത്തനങ്ങളെ ദുർബലപ്പെടുത്താതിരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി |

വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി.

പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്.

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ചരക്കു സേവന നികുതിവകുപ്പിനെ പുനസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകം തന്നെ ചരക്കു സേവന നികുതി വകുപ്പിന് കീഴിൽ തന്നെ ടാക്സ് പെയർ സർവ്വീസസ് , ആഡിറ്റ് ആൻറ് ഇന്റലിജൻസ്, എൻഫോഴ്സ് മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട് .
2. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ
3. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.
4. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
5. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള ലക്കി ബിൽ പദ്ധതി.
6. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

| | | | |
|---|---|---|---|
| | | | 7. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.<br>8. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1 % വർദ്ധിപ്പിക്കൽ.<br>9. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.<br>10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.<br>11. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.<br><br>സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പ വർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും. |

സെക്ഷൻ ഓഫീസർ